കായിക താരങ്ങൾക്ക് പ്രോത്സാഹനം

110 [3366] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കായികതാരങ്ങളെ സഹായിക്കാനും കായിക കലയെ പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത്;

(ബി) യു. ഡി. എഫ്. സർക്കാർ എത്ര കായിക താരങ്ങൾക്ക് പ്രോത്സാഹ നാർത്ഥം സാമ്പത്തിക സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ;

(സി) ആർക്കെല്ലാമാണെന്ന വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) കായിക താരങ്ങൾക്ക് പ്രോത്സാഹനമായി സാമ്പത്തികസഹായം നൽകു ന്നുണ്ട്. സ്പോർട്സ് അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൂടാതെ കളരിപ്പയറ്റ്, തായ്ക്കൊണ്ടോ പ്രചരണത്തിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2005-ലെ നാഷണൽ സീനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ വിജയികളായ ടീമംഗങ്ങൾക്കും കോച്ചിനും മാനേജർക്കും ക്യാഷ് അവാർഡ് നൽകി യിട്ടുണ്ട്. സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുത്ത് മികവ് നേടുന്ന കായിക താരങ്ങൾക്ക് വർഷംതോറും 20 പേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നു.

കൗൺസിലിന്റെ കീഴിൽ 30 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 17 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും കൗൺസിൽ നേരിട്ട് നടത്തുന്ന 8 സ്പോർട്സ് ഹോസ്റ്റലുകളിലുമായി ഏകദേശം 1000-ത്തോളം കുട്ടികൾ കായിക പരിശീലനം നേടുന്നുണ്ട്. മിനിഗെയിംസ്, കോളേജ് ഗെയിംസ്, റൂറൽ സ്പോർട്സ്, വിമൻസ് സ്പോർട്സ് എന്നിങ്ങനെ വിവിധ കായിക മേളകൾ കായിക താരങ്ങളെ കണ്ടെത്തു ന്നതിനായി നടത്തിവരുന്നുണ്ട്. എല്ലാ വർഷവും മാരത്തോൺ, വനിതാ മാരത്തോൺ, മിനി മാരത്തോൺ മത്സരങ്ങൾ നടത്തിവരുന്നു. ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്കായി റൂറൽ കോച്ചിംഗ് സെന്ററുകളും നടത്തുന്നു. ദേശീയ/അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ടി.എ./ഡി.എ. തുടങ്ങിയ അലവൻസുകൾ നൽകിവരുന്നു. ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് കായിക ഉപകരണങ്ങൾക്ക് പുറമെ പ്ലേയിംഗ് യൂണിഫോം, ട്രാക്ക്സൂട്ട് എന്നിവയും സ്പോർട്സ് കൗൺസിലിൽ നിന്ന് നൽകിവരുന്നു.

(ബി) & (സി) സ്പോർട്സ് വകുപ്പിൽനിന്ന് 23 പേർക്ക് യാത്രാ ചെലവ്, ക്യാഷ് അവാർഡ് എന്നിവയ്ക്കുവേണ്ടി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. (അനുബന്ധം—1)†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

49-ാമത് സ്കൂൾ നാഷണൽ അത്‌ലറ്റിക് മീറ്റിൽ പങ്കെടുത്ത 67 കുട്ടികൾക്ക് ഒരു വർഷത്തേക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. (അനുബന്ധം—2)†

1998-മുതൽ 2002 മാർച്ച് മാസം വരെയുള്ള കാലയളവിൽ ദേശീയ-അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് നേട്ടം കൈവരിച്ചവർക്ക് 31-10-1997-ലെ ജി. ഒ. (ആർടി.) 3783/97/പൊ.വി. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്യാഷ് അവാർഡ് തുക നൽകിയിട്ടുണ്ട്.(അനുബന്ധം—3)†

എം. പി., എം. എൽ. എ. ഫണ്ടുപയോഗിച്ച് നിർമ്മാണം നടക്കുന്ന സ്റ്റേഡിയങ്ങൾ

111 [3367] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. പി., എം. എൽ. എ. ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണം നടക്കുന്ന എത്ര സ്റ്റേഡിയങ്ങൾ ഉണ്ട്; അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന സ്റ്റേഡിയങ്ങൾ ഏതെല്ലാമാണ്; ഇതിൽ ഇൻഡോർ സ്റ്റേഡിയം എത്രയുണ്ട്; അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം നിയമസഭാ സാമാജികന്മാർ സ്പോർട്സ് സ്റ്റേഡിയങ്ങൾക്കായി എം.എൽ.എ. ഫണ്ട് നൽകിയിട്ടുണ്ട്; ഓരോരുത്തരും നൽകിയ സംഖ്യ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം സ്റ്റേഡിയങ്ങൾക്കാണ് കേന്ദ്ര-സ്പോർട്സ് അതോറിറ്റി സഹായം നൽകുന്നത്; ഏതെല്ലാം സ്റ്റേഡിയങ്ങൾക്കാണ് സഹായം ലഭിക്കുന്നതിന് സംസ്ഥാന സ്പോർട്സ് വകുപ്പ് കേന്ദ്രത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; അവ ലഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(ഇ) എം.പി., എം.എൽ.എ. ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണം നടന്നു വരുന്ന തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവൃത്തികൾ വേഗതയിൽ നടക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[10-8-2005-ലെ 111 (3367)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

50% കേന്ദ്ര സഹായത്തിനായി സംസ്ഥാനസർക്കാർ സമർപ്പിച്ചിട്ടുള്ള സ്റ്റേഡിയങ്ങളുടെ ലിസ്റ്റ്

1. ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ
2. ഓപ്പൺ സ്റ്റേഡിയം, മാനന്തവാടി, വയനാട്
3. ,, നടക്കാവ്, കോഴിക്കോട്
4. ,, പീലിക്കോട്, കാസർഗോഡ്
5. ,, കട്ടപ്പന, ഇടുക്കി
6. ഇൻഡോർ സ്റ്റേഡിയം, വടകര, കോഴിക്കോട്
7. ,, കൈപ്പറമ്പ്, തൃശ്ശൂർ
8. ,, നെടുമങ്ങാട്, തിരുവനന്തപുരം
9. ,, പുനലൂർ, കൊല്ലം
10. ,, പ്രമാടം ഗ്രാമപഞ്ചായത്ത്
11. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം (സിന്തറ്റിക് ട്രാക്ക്)
12. ഓപ്പൺ സ്റ്റേഡിയം, മൂവാറ്റുപുഴ, എറണാകുളം
13. ,, പത്തനംതിട്ട
14. കൊച്ചി മഹാരാജാസ് സ്റ്റേഡിയം (സിന്തറ്റിക് ട്രാക്ക്)
15. കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയം
16. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം
17. കണ്ണൂർ ഇൻഡോർ സ്റ്റേഡിയം
18. കൊല്ലം ഇൻഡോർ സ്റ്റേഡിയം
19. കണിയാങ്കുളം, ആലപ്പുഴ ഇൻഡോർ സ്റ്റേഡിയം

LIBRARY ARCHIVES Kerala Legislative Assembly